പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2732 19-12-2012-ൽ മറുപടിക്ക്

**ടി.ആർ.ഡി.എം.ലേക്ക് വകമാറ്റി തുക ചെലവഴിക്കൽ**

ചോദ്യം ഉത്തരം

ശ്രീ. ആർ. രാജേഷ്

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും, യുവജന കാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) 2011-12 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം ഇനങ്ങളിലുള്ള തുക ടി.ആർ.ഡി.എം. ലേക്ക് വക മാറ്റിയിട്ടുണ്ട് ; | എ) 2011-12 വർഷം പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ മുഖേന ലഭ്യമായ തുകയിൽ 7 കോടി രൂപ വിവിധ ജില്ലകളിൽ TSB അക്കൗണ്ട് നിലവിലില്ലാത്ത സാഹചര്യത്തിൽ TRDM ന്റെ സ്പെഷ്യൽ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| ബി) ഇപ്രകാരം തുക മാറ്റിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) തുക മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>TRDM A/c - മലപ്പുറം ജില്ല (നിലമ്പൂർ) = 1 കോടി<br>TRDM A/c - വയനാട് ജില്ല = 2 കോടി<br>TRDM A/c - തൃശ്ശൂർ ജില്ല = 1 കോടി<br>TRDM A/c - പാലക്കാട് ജില്ല = 1 കോടി<br>TRDM A/c - കോഴിക്കോട് ജില്ല = 1 കോടി<br>TRDM A/c - കാസർഗോഡ് ജില്ല = 1 കോടി<br>ആകെ = 7 കോടി |

| | |
|---|---|
| സി) ഈ വിധം ടി.ആർ.ഡി.എം.ലേക്ക് ഈ സാമ്പത്തിക വർഷാവസാനം ട്രാൻസ്ഫർ ക്രെഡിറ്റ് വഴിയോ അല്ലാതെയോ വക മാറ്റിയ തുക കഴിച്ചാൽ ശേഷിക്കുന്ന പ്ലാൻ ഫണ്ട് വിനിയോഗം എത്ര ശതമാനമാണ്; കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ; | സി) 13-ാം ധനകാര്യ കമ്മീഷൻ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് വിനിയോഗിക്കുന്നതിനായി വിവിധ ജില്ലകളിലെ TRDM അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്ത 7 കോടി രൂപ കഴിച്ചാൽ പ്ലാൻ ഫണ്ടിന്റെ വിനിയോഗം 89.88 ശതമാനമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>2011-12 വർഷം</u>**<br>പ്ലാൻ ഫണ്ട് വിനിയോഗം ആകെ = 94.18 %<br>TRDM ന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക ആകെ = 7 കോടി<br>ശേഷിക്കുന്ന വിനിയോഗം = 89.88 % |
| ഡി) ഇപ്രകാരം നൽകിയ തുക ഏത് രീതിയിൽ വിനിയോഗിച്ചു; വ്യക്തമാക്കുമോ; | ഡി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് വിനിയോഗിക്കേണ്ട തുക വിവിധ ജില്ലകളിൽ TSB അക്കൗണ്ട് നിലവിലില്ലാത്ത സാഹചര്യത്തിലാണ് TRDM അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തത്. ടി തുക വിനിയോഗിച്ച് പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. |

**സെക്ഷൻ ഓഫീസർ**